**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – അനങ്ങനടി ഗ്രാമപഞ്ചായത്ത് - കോതകുറിശ്ശി കുടിവെള്ള പദ്ധതിയുടെ വൈദ്യുതിബിൽ പഞ്ചായത്ത് അടക്കണം എന്ന പഞ്ചായത്ത് കമ്മിറ്റി തീരുമാനം നടപ്പാക്കുന്നത് സ്റ്റേ ചെയ്തു കൊണ്ടും വിഷയം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാന്റെ തീരുമാനത്തിനായി വിട്ടുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 3398/2016/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 14/12/2016

---

പരാമർശം:-
1. അനങ്ങനടി ഗ്രാമപഞ്ചായത്തിന്റെ 28/07/2016 ലെ 6-ാം നമ്പർ തീരുമാനം.
2. അനങ്ങനടി ഗ്രാമപഞ്ചായത്തിന്റെ 20/08/2016 ലെ 16-ാം നമ്പർ തീരുമാനം
3. അനങ്ങനടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 29/08/2016 ലെ എ 3/4559/16 നമ്പർ കത്ത്

**ഉത്തരവ്**

അനങ്ങനടി ഗ്രാമപഞ്ചായത്തിലെ കോതകുർശി കുടിവെള്ള പദ്ധതിയുടെ വൈദ്യുതി ബിൽ പഞ്ചായത്ത് അടവാക്കണമെന്ന് പരാമർശം (1) പ്രകാരം പഞ്ചായത്ത് ഭരണ സമിതി തീരുമാനിച്ചു. ടി തീരുമാനം നിയമവിധേയമല്ലാത്തതിനാൽ സെക്രട്ടറി വിയോജിപ്പ് രേഖപ്പെടുത്തുകയും ടി തീരുമാനം പുന:പരിശോധിക്കണമെന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനോട് രേഖാമൂലം ആവശ്യപ്പെടുകയും ചെയ്തിരുന്നു.

പഞ്ചായത്ത് ഭരണ സമിതി, പരാമർശം (2) പ്രകാരം മുൻ തീരുമാനത്തിൽ ഉറച്ച നിൽക്കുവാൻ തീരുമാനമെടുത്തിരിക്കുകയാണ് എന്നും കുടിവെള്ള പദ്ധതിയുടെ നിർമ്മാണ കൺവീനറുടെ പേരിൽ വന്ന വൈദ്യുതി ബിൽ തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും അടക്കുന്നത് ശരിയല്ലെന്നും ഓഡിറ്റ് വിഭാഗം ടി തുക സെക്രട്ടറിയുടെ ബാദ്ധ്യതയായി നിശ്ചയിക്കാൻ സാദ്ധ്യതയുണ്ടെന്നും പ്രസ്തുത കുടിവെള്ള പദ്ധതി അനങ്ങനടി ഗ്രാമപഞ്ചായത്തിന്റെ ആസ്തിയായി കൈമാറിയിട്ടില്ലെന്നും ആയതിനാൽ ഇക്കാര്യത്തിൽ സർക്കാർ സ്പഷ്ടീകരണം നൽകണമെന്നും പരാമർശം 3 പ്രകാരം അനങ്ങനടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും അനങ്ങനടി ഗ്രാമപഞ്ചായത്തിലെ കോതകുറിശ്ശി കുടിവെള്ള പദ്ധതിയുടെ വൈദ്യുതി ചാർജ് പഞ്ചായത്ത് അടക്കണമെന്നുള്ള പഞ്ചായത്ത് കമ്മിറ്റിയുടെ 28/07/2016 ലെ തീരുമാനം നടപ്പാക്കുന്നത് പഞ്ചായത്ത് രാജ് ആക്ട് 191(4) വകുപ്പ് പ്രകാരം സ്റ്റേ ചെയ്തുകൊണ്ടും 191(2) വകുപ്പ് പ്രകാരം ടി വിഷയം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഓംബുഡ്സ്മാന്റെ തീരുമാനത്തിനായി റഫർ ചെയ്തുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എസ്.ഡി സുനിൽകുമാർ
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഓംബുഡ്സ്മാൻ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി/പ്രസിഡന്റ്, അനങ്ങനടി ഗ്രാമപഞ്ചായത്ത്, പാലക്കാട്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം,

Liya

സെക്ഷൻ ഓഫീസർ